നം.കെഎസ്എ.കെടിഎം.പി.4-77/19 തീയതി : 15.02.2019

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 23.01.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു. എസ്,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.01.2019 മുതൽ 23.01.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം. എൻ. രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ രഞ്ജിത്. എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ യോഗേഷ്. ആർ | ഓഡിറ്റർ |
| | ശ്രീ ഉണ്ണികൃഷ്ണൻ.എം | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ. ജോൺ നീലംപറമ്പിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബി. സാബു | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | വിപിത.വി.പി<br>സലിൽ.പി.ആർ | 01.04.2017 മുതൽ 26.07.2017 വരെ<br>26.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോജി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | ഡോ. ബിയാമോൾ ബേബി<br>ഡോ. ടെജി മാത്യു ജോസ് | 01.04.2017 മുതൽ 01.11.2017 വരെ<br>02.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. ഗീത.കെ. ശ്രീനിവാസൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ | ബിജുമോൻ. കെ.വി | 01.04.2017 മുതൽ |

| | | |
|---|---|---|
| ഓഫീസർ | | 31.03.2018 വരെ |
| | അനുപമ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബബിത.സി.ബേബി<br>ഫെബിന | 01.04.2017 മുതൽ 01.01.2018 വരെ<br>01.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | സോജൻ.കെ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | രേവതി. കെ.ആർ<br>ശ്രീജ രാധാകൃഷ്ണൻ | 01.04.2017 മുതൽ 02.04.2017 വരെ<br>03.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ബിജു. എം. മാത്യൂസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ. മഞ്ജു.ടി.വി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് - എൽ.പി.എസ് | സിബി ഏലിയാസ്<br>കെ.എം. ഷീജ | 01.04.2017 മുതൽ 04.06.2017 വരെ<br>05.06.2017 മുതൽ 31.03.2018 വരെ |

(ഡി) <u>ഉള്ളടക്കം</u>

| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |

| | |
|---|---|
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി നിർണ്ണയ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല- മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 2-2 | ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി- അപാകതകൾ |
| 2-3 | പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല |
| 2-4 | ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യേണ്ടതാണ് |
| 2-5 | ഉപയോഗക്രമം ഉറപ്പാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ് |
| 2-6 | ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കുന്നു |
| 2-7 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-8 | ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല |
| 2-9 | വാടകയിനത്തിൽ കുടിശ്ശിക വരുത്തി |

| | |
|---|---|
| 2-10 | കരാർ ചമയ്ക്കാതെ കുത്തകാവകാശം അനുവദിച്ചു നൽകി |
| 2-11 | ഇ-ടെൻഡർ - ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗവും പരിപാലനവും – സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല |
| 3-2 | ഒരേ സ്വഭാവമുള്ള പ്രോജക്ടുകൾ വ്യത്യസ്ത പ്രോജക്ടുകളായി നടപ്പിലാക്കിയിരിക്കുന്നു |
| 3-3 | പാടശേഖരസമിതിക്ക് പെട്ടിപറ വാങ്ങി നൽകൽ- സ്ഥാപിച്ചതിന്റെയും കരാറിലേർപ്പെട്ടതിന്റെയും രേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | ഫയൽ ഹാജരാക്കിയില്ല- 1667460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ – മരുന്നുകൾ ലഭ്യമായില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | വയോജന മെഡിക്കൽ ക്യാമ്പ് – അപാകതകൾ |
| 3-7 | ആർദ്രം പദ്ധതി – അപാകതകൾ |
| 3-8 | ആശ്രയ പദ്ധതി – പദ്ധതിപ്പണം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-9 | വിനിയോഗവിവരമില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1794944/- | 3239373/- | 1444429 | -- |
| വരവ് | 2795582537/- | 82768457/- | - | 2712814080 |
| ആകെ | 2797377481/- | 86007830/- | - | 2711369651 |
| ചെലവ് | 173823000/- | 78331521/- | - | 95491479 |
| നീക്കിയിരിപ്പ് | 105759537/- | 7676309/- | - | 98083228 |

2017-18 വർഷം 279.5 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 17.38 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.09 കോടി രൂപയും ചെലവ് 12.98

കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ്-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോടികളുടെ അന്തരമുള്ളതായി വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവു കണക്കുകൾ, യാഥാർഥ്യബോധത്തോടെ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്ത് സെക്രട്ടറിയുടെ 28.05.2018 ലെ എ6/5017/18 നം. കത്ത് പ്രകാരം, 04.06.2018 തീയതിയിൽ വാർഷിക ധനകാര്യ പത്രിക തപാലിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 13.06.2018, 14.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 22.06.2018-ലെ കെ.എസ്.എ.കെ.ടി.എം.പി4/1125/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റെസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3239373/- |
| വരവ് | 82768457/- |
| ആകെ | 86007830/- |
| ചെലവ് | 78331521/- |
| നീക്കിയിരിപ്പ് | 7676309/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക,

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 14742000/- | 14742000/- | 13970351/- | 771649/- | 94.76 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 4530277 | 4530277 | 4021681 | 508596 | 88.77 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 167932 | 167932 | 167888 | 44 | 99.97 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 25582309 | 25582309 | 25516036 | 66273 | 99.74 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3298000 | 3298000 | 3209224 | 88776 | 97.30 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7002799 | 7002799 | 6990587 | 12212 | 99.82 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2754368 | 2754368 | 2705945 | 48423 | 98.24 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 42800 | 795043 | 837843 | 829766 | 8077 | 99.03 |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി | 270621 | 10425108 | 10695729 | 6673443 | 4022286 | 62.39 |
| സാക്ഷരത ഫണ്ട് | 3819 | 143 | 3962 | 0 | 3962 | - |
| സംയുക്ത പ്രോജക്ട്(Joint Venture) | 0 | 4578789 | 4578789 | 4480417 | 98372 | 97.85 |

സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിൽ, ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള വിഹിതത്തിനു പുറമെ, പൂരക പോഷകാഹാര പദ്ധതിക്കു ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ട് കൂടി ഉൾപ്പെട്ടിട്ടുണ്ട്. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 1.042 കോടി രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 264 | 195 | 69 | 84415338 | 59312249 | 70.26 |

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ(എം.എസ്) 10/2017 /തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. 2017-18 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 08-3-17-ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട

ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2017 ഏപ്രിൽ 8 മുതൽ 12 വരെയുള്ള തീയതികളിൽ ചേരുകയുണ്ടായി. ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നതായി കാണുന്നു. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 21.4.17, 24.10.17, 01.03.18 എന്നീ തീയതികളിൽ ഊരുകൂട്ട യോഗവും 21-4-17 തീയതിയിൽ വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി. 2017-18 ലെ വാർഷിക പദ്ധതിക്ക് 24.05.2017ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി (തീരുമാനം നം-1 ).

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 14.3.2018ലെ 490/17 /DPC/DPO/ കോട്ടയം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചു. അഗീകാരം കിട്ടിയതിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 195 പ്രോജക്ടുകൾക്കുവേണ്ടിയാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 84415338/-രൂപ വകയിരുത്തിയതിൽ 59312249രൂപയാണ് തൻവർഷം ചെലവഴിച്ചിരിക്കുന്നത്. ഉൽപാദന മേഖലയിൽ 59% തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളു. എസ്.സി.പി ഫണ്ട് പൂർണ്ണമായും ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. 2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിവരം, ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 4046160 | 3316160 | 81.95 |
| വെറ്ററിനറി സർജൻ | 5 | 5 | 3500500 | 1011125 | 28.88 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. | 4 | 4 | 1250000 | 1250000 | 100 |
| മെഡിക്കൽഓഫീസർ- ആയുർവേദം | 1 | 1 | 250000 | 250000 | 100 |
| മെഡിക്കൽഓഫീസർ- ഹോമിയോ | 1 | 1 | 150000 | 150000 | 100 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 9 | 7 | 6677300 | 4378127 | 65.56 |
| ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 6 | 5 | 1769000 | 1123500 | 63.5 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 3980920 | 3367822 | 84.59 |
| സെക്രട്ടറി | 33 | 26 | 8892213 | 7174095 | 80.67 |
| അസിസ്റ്റന്റ് എൻജിനീയർ | 182 | 124 | 51097780 | 34660221 | 67.83 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 750000 | 750000 | 100 |
| ഹെഡ്മാസ്റ്റർ | 2 | 2 | 133000 | 128888 | 96.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 1918465 | 1752311 | 91.33 |
| ആകെ | 264 | 195 | 84415338 | 59312249 | 70.26 |

നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിൽ വിവിധ മെഡിക്കൽ ഓഫീസർമാരും ഡയറി എക്സ്റ്റെൻഷൻ ഓഫീസറും വകയിരുത്തിയ തുകയിൽ നൂറ് ശതമാനവും ചെലവഴിച്ചു. എന്നാൽ വെറ്ററിനറി സർജൻ 28% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം പൊതുമരാമത്ത് മേഖലയിൽ 182പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 124 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്ന പൊതുശ്മശാനം, അറവുശാലാ നിർമ്മാണം എന്നിവയ്ക്ക് തൻ വർഷം തുക വകയിരുത്തിയിരുന്നുവെങ്കിലും നടപ്പാക്കുവാൻ സാധിച്ചില്ല. കാർഷിക മേഖലയിൽ നാളികേര വികസനം, ഏത്തവാഴകൃഷി വികസനം തുടങ്ങി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതി, ലൈഫ് ഭവനപദ്ധതി എന്നിവയ്ക്കായി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. എസ്.സി,എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി

പദ്ധതികൾ വി.ഇ.ഒ, ഹെഡ്മിസ്ട്രസ് എന്നിവരാണ് നടപ്പാക്കിയിരിക്കുന്നത്. എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറി മാത്രം നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ലഭ്യമായ ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി ആവശ്യാധിഷ്ഠിതമായി രൂപീകരിക്കുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടേയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 736 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 136 പ്രോജക്ടുകളിൽ 131 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 48802 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 947 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തരിശുനിലം കൃഷിയോഗ്യമാക്കൽ, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 42800 | 795043 | 837843 | 829766 | 8077 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | ------- | 12809220 | 12809220 | 12809220 | 0 |
| ആകെ | 42800 | 13604263 | 13647063 | 13638986 | 8077 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 38 | 21720/- |
| കർഷകതൊഴിലാളി പെൻഷൻ | 1162 | 3226900/- |
| വിധവാപെൻഷൻ | 2886 | 8789900/- |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 9740 | 32001900/- |
| വികലാംഗപെൻഷൻ | 1086 | 3387700/- |
| അവിവാഹിത പെൻഷൻ | 245 | 745800/- |
| വിധവകളുടെ മക്കൾക്ക് വിവാഹധനസഹായം | 5 | 150000/- |

## 1-9 ക്യാഷ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2019 തീയതിയിൽ 3:25 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 24,530/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ഭരണസമിതി കൃത്യമായ ഇടവേളകളിൽ ഓഫീസ് ജീവനക്കാരുടെ യോഗം വിളിച്ച് നിർദേശങ്ങൾ നല്കുകയും അതിൻ പ്രകാരമുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും വിഭജിച്ച് നൽകിയിരിക്കുന്ന ജോലികൾ ജീവനക്കാർ കൃത്യമായി ചെയ്യുന്നുണ്ടോയെന്നത് സംബന്ധിച്ച് മോണിട്ടറിംഗ് നടക്കുന്നില്ല. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യസ്റ്റേഷനറി, രസീതുബുക്കുകൾ എന്നിവയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിപാലിക്കുന്നുണ്ട്.

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡികൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ്

ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്.

എല്ലാ ചെലവുകളുടേയും വൗച്ചറുകൾ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷികകണക്കുകൾ പ്രകാരം മുൻവർഷങ്ങളിലേതുൾപ്പെടെ വസ്തുനികുതി 21 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. വാർഷിക കണക്കുകളിലെ കുടിശ്ശിക തുക സഞ്ചയയുമായി പൊരുത്തപ്പെടാത്തതിനാൽ കൃത്യമാണോയെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല.
വസ്തുനികുതി നിർണ്ണയം, പെർമിറ്റ് ഇവ സംബന്ധിച്ച ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഇവയുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മയാണ്. ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റേയും ജനറേറ്ററിന്റേയും ലോഗ് ബുക്കുകളിൽ ഇന്ധന ഉപയോഗ വിവരങ്ങൾ രേഖപ്പെടുത്തി ആധികാരികമാക്കുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകുന്നത് വരെയുള്ള വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ആയതിനാൽ പെർമിറ്റ് എടുത്ത എല്ലാ കെട്ടിടങ്ങളും പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കൃത്യമായി യോഗം ചേർന്ന് കണക്കുകൾ പരിശോധിക്കുകയും ബഡ്ജറ്റുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ലായെന്ന് കാണുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളും പ്രോജക്ട് അവലോകനവും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

വിവിധ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ പ്രതിമാസ യോഗങ്ങളിൽ വന്നിട്ടുള്ളതും അനർഹരെ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

പ്രവർത്തനം തൃപ്തികരമാണ്. പ്രതിമാസ യോഗങ്ങൾ ചേർന്ന് ചുമതലകൾ

നിർവ്വഹിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനം, പാലിയേറ്റീവ് കെയർ പദ്ധതി എന്നിവ കൃത്യമായി വിശകലനം ചെയ്തിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2018 | 11/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018 മുതൽ 13.11.2018 വരെ | 2017-18 | LBA(HQ) II/I/8A-138/18-19 തീയതി 12.12.2018 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എംഎസ്)152/2011/തസ്വഭവ/26.07.2011-ാം നമ്പർ ഉത്തരവ് പ്രകാരം ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 46 പ്രകാരം 3 മാസത്തിലേറെയായി എൻക്യാഷ് ചെയ്യാത്ത ചെക്കുകളെ 'liability in respect of stale cheque' എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1. | 6312/18.11.17 | 2520 |
| 2. | 6007/06.10.17 | 2620 |

| | | |
|---|---|---|
| 3. | 6015/13.10.17 | 450 |
| 4. | 5992/20.09.17 | 579 |

4. മാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക് കെ.73-ൽ നിലവിലുണ്ടായിരുന്ന അക്കൗണ്ട് നം.CA/C/90 08.09.2017-ൽ ക്ലോസ് ചെയ്തിരുന്നു. എന്നാൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ, റെസീറ്റ് & പെയ്മെന്റ് പത്രിക ഷെഡ്യൂൾ RP-40(b) പ്രകാരവും ഈ അക്കൗണ്ടിൽ 1750/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.
5. വസ്തുനികുതി ഓൺലൈൻ പേയ്മെന്റിനുള്ള എസ്.ബി.റ്റി. ഇ-ബാങ്ക് അക്കൗണ്ടിൽ 31.03.208-ൽ നീക്കിയിരിപ്പ് 78,796/- രൂപയാണെങ്കിലും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, RP-40(b), ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ എന്നിവ പ്രകാരം ബാങ്കിലെ നീക്കിയിരിപ്പ് 97,477/- രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.
6. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011 ചട്ടം 58-4 എച്ച് പ്രകാരം തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. തൻ വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 30710 രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
8. തൻ വർഷം ഗ്രാമപഞ്ചായത്ത് വിവിധ നിർവ്വഹണ ഏജൻസികളിൽ 1022165 രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഡെപ്പോസിറ്റ് രജിസ്റ്റർ, ബി18 ഷെഡ്യൂൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
9. വികസനഫണ്ട് (പൊതുവിഭാഗം)ന്റെ യഥാർത്ഥ ചെലവ് (ACR, ചെലവ് പത്രിക) വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
10. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട്സ് പ്രകാരമുള്ള തുക, ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി നിർണ്ണയ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല- മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 2017-18 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന ഫയലുകൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമനം. | കെട്ടിട നം. | ഉടമസ്ഥന്റെ വിവരം | ഉപയോഗക്രമം |
|---|---|---|---|
| 1 | III/659AtoD | സേവ്യർ വർഗ്ഗീസ്, കാറുകുളത്തേൽ | വാണിജ്യം |
| 2 | IV/212A | സി.സി.ജോസഫ് കുറ്റമലക്കുന്നേൽ | വാണിജ്യം |
| 3 | IV/290 | ജോർജ്ജ് സി.പി,പാറക്കാല | വാണിജ്യം |
| 4 | IV/207 | അഗസ്റ്റിൻ ജോൺ, ചാവേലിൽ | ഓഫീസ് |
| 5 | IV/397J | അരുൺ ബി, രഞ്ജിത്ബി, തെങ്ങുംപള്ളിപ്പറമ്പിൽ | വാണിജ്യം |
| 6 | VII/641 | സെക്രട്ടറി, വ്യാപാരഭവൻ | ഓഫീസ് |
| 7 | VII/642 | സെക്രട്ടറി, വ്യാപാരഭവൻ | വാണിജ്യം |
| 8 | XIV/397 | സെക്രട്ടറി, സോഷ്യൽ വെൽഫെയർ ബോർഡ് | |
| 9 | XIV/45B | പ്രിൻസ് ഫിലിപ്പ് പുന്നൂസ്, നിരവത്ത് | ആശുപത്രി |
| 10 | XVI/267B | ജോസഫ്, പോളച്ചിറയിൽ | വാണിജ്യം |
| 11 | XVIII/351B | ബിനോയ് വർഗ്ഗീസ്, ചെരിയംപറമ്പിൽ | പാർപ്പിടം |

ഫയലുകൾ ഹാജരാക്കാത്തതിനാൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതകളുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-2 ബി.എസ്.എൻ എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി-അപാകതകൾ

I. മൊബൈൽ ടവറിന് മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് നൽകി

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ബിഎസ്എൻഎൽ ഉടമസ്ഥതയിലുള്ള 8/551 നമ്പർ മൊബൈൽ ടവറിന്റെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് (10%) നൽകിയതുമൂലം നികുതി ഇനത്തിൽ 250 രൂപ എല്ലാ വർഷവും ആവർത്തന നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം | നിരക്ക് | അടിസ്ഥാന വസ്തുനികുതി | ഇളവ് | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 5 ച.മീ | 500/ച.മീ | 5X500=2500 | ഇളവ്-500 (കുറഞ്ഞ മേൽക്കൂര10%, കാലപ്പഴക്കം 10%) | 2500-500=2000 |

മാത്രമല്ല പ്രസ്തുത ടവറിന്റെ വിസിതീർണ്ണം (5 ച.മീ.)താരതമ്യേന കുറവാണ്. ആയിനാൽ വസ്തുനികുതി ചുമത്തിയപ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗവും (ടവർ നിൽക്കുന്ന സ്ഥലം - ഫൗണ്ടേഷനും, അനുബന്ധ മുറികൾക്കും ഉൾപ്പെടെ) വിസ്തീർണ്ണത്തിന് പരിഗണിച്ചിരുന്നെന്ന് ഉറപ്പില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1(I)) പരിശോധിച്ച് കുറവായ തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് അപാകത പരിഹരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

2.പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന ബി.എസ്.എൻ.എൽ

ഉടമസ്ഥതയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി സ.ഉ.(അ)20/2011, 14.01.2011 ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചത് 2013-14 വർഷം മുതൽ അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം(ച.മീ) | വാർഷിക നികുതി |
|---|---|---|
| III/267 | 5 | 6615 |
| VIII/551 | 14 | 2100 |
| X/273 | 14 | 5880 |
| XIV/18 | 16 | 6720 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1(2))കുടിശ്ശിക ഈടാക്കുന്നതിന് ബി.എസ്.എൻ.എൽ അധികാരികൾക്ക് നോട്ടീസ് നൽകി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നിയമ നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല

ശ്രീ.സന്തോഷ്.വി.എം, വടക്കംകര എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള 7 കടമുറികൾക്ക് (നം.III/318 BtoH) 2017-18 വർഷം വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിനേക്കാൾ കുറഞ്ഞ വിസ്തീർണ്ണത്തിലാണ് സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച നികുതി (ച.മീറ്ററിന് 55 രൂപ നിരക്കിൽ) | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (ച.മീറ്ററിന് 55 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 201.82 | 201.82X55=11100+2220 (20% വർദ്ധനവ്)=13320 | 260.02 | 260.02X55=14301+2860 (20% വർദ്ധനവ്)=17161 | 3841 |

ഇപ്രകാരം കുറവായി നികുതി നിർണ്ണയിച്ചതിനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പരാമർശിത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **2-4** <u>ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യേണ്ടതാണ്</u>

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| | ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് | 3 | 8 |

| | | | |
|---|---|---|---|
| | ഷോപ്പ് | | |
| 3 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ പഞ്ചായത്ത് ഭരണസമിതി ക്രമ നമ്പർ 1,2,3 എന്നീ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പ്രമേയ പ്രകാരം നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്ക്രീനിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിനോടൊപ്പമുള്ള ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് 150 രൂപ സ്ക്രീനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് ഭരണസമിതി അംഗീകരിച്ച് വിജ്ഞാപനം ചെയ്തതായി കാണുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4) മേൽ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം വാങ്ങുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ പ്രസ്തുത ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഭരണസമിതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-5 ഉപയോഗക്രമം ഉറപ്പാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ XV -ാം വാർഡിൽ ശാന്തിതീരം ഹോളിസ്റ്റിക് ഹെൽത്ത് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 2017-18 വർഷം ആശുപത്രികൾക്ക് ബാധകമായ ചതുരശ്ര മീറ്ററിന് 3 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും അപ്രകാരമുണ്ടെങ്കിൽ അവയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-6 ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി-2/15 നമ്പർ

കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്രമവൽക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| അനിൽ.വി.കെ.& പ്രീതിമോൾ, വലിയവീട്ടിൽ | 345.08 | വാണിജ്യം | 345.08X21=7247 | 4844 | 2403 |
| ത്രേസ്യാമ്മ ഷിബു, നാറാണത്തുകുഴിയിൽ | 18.13 | വാണിജ്യം | 18.13X21=381 | 182 | 199 |
| മുരളി, വലിയകാലായിൽ | 15.24 | വാണിജ്യം | 15.24X21=320 | 214 | 106 |
| ബിജുമോൻ&സുനിത | 35.75 | വാണിജ്യം | 35.75X21=751 | 501 | 250 |

ഇപ്രകാരം ഫീസ് കുറവായി ഈടാക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) ഇനിമുതൽ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന അപേക്ഷകളിൽ രാജിയാക്കൽ ഫീസ് കൂടാതെ, പർമിറ്റ് ഫീസ് കൂടി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി ഈടാക്കിയില്ല

I) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | ടെക്നിക്കൽ അസിസ്റ്റന്റ്, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | I,II |
| 2. | പോസ്റ്റ് ഓഫീസ്, മേമുറി | II |
| 3. | പോസ്റ്റ് ഓഫീസ്, ചാമക്കാല | I |
| 4. | സതേൺ റെയിൽവേ, കുറുപ്പന്തറ സ്റ്റേഷൻ | II |
| 5. | കടുത്തുരുത്തി ബ്ലോക്ക് വനിത സഹകരണ സംഘം | II |
| 6. | സെന്റ് സേവിയേഴ്സ് ഹോസ്പിറ്റൽ, കുറുപ്പന്തറ | II |

II)രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർപ്രകാരം, 2017-18 ഒന്നാം അർദ്ധവർഷത്തിൽ സതേൺ റെയിൽവേ, കുറുപ്പന്തറ സ്റ്റേഷൻ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 40000/- രൂപ ഇടയാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററും പരിശോധിച്ചതിൽനിന്നും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശാദാംശങ്ങളോ, വേതന വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്ക് വരുത്തുമ്പോൾ, സ്ഥാപനത്തിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി, നിർദിഷ്ട ഫാറത്തിൽ ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സമർപ്പിക്കേണ്ടതാണ്.

തുടർ വർഷങ്ങളിൽ പ്രസ്തുത വിഷയത്തിൽ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേതുൾപ്പടെയുള്ള മേൽനോട്ടത്തിൽ, അപാകതകൾ ഒഴിവാക്കി കുറ്റമറ്റ രീതിയിൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

| ക്രമ നം. | വ്യാപാര സ്ഥാപനത്തിന്റെ പേരും വിലാസവും | വ്യാപാരത്തിന്റെ സ്വഭാവം |
|---|---|---|
| 1. | വിജയ പാർക്ക്, കോതനല്ലൂർ | ഹോട്ടൽ |

മേൽ പരാമർശിത സ്ഥാപനം 2017-18 വർഷം ഡി & ഒ ലൈസൻസ് ഫീസ്,

തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ തുക അടവാക്കിയിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. 1996- ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ, ചട്ടം 10 പ്രകാരം, ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും, ലൈസൻസ് പുതുക്കി തുക അടവാക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് അറിയിപ്പ് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച്, സമയബന്ധിതമായി തുക ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/ 15.01.2019), തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അതാത് വർഷങ്ങളിൽ ഈടാക്കാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. തുടർ വർഷങ്ങളിൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ യഥാസമയം ഒടുക്ക് വരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള മേൽനോട്ടം ഉണ്ടാകേണ്ടതാണ്. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-9** <u>വാടകയിനത്തിൽ കുടിശ്ശിക വരുത്തി</u>

വാടക രജിസ്റ്ററും മറ്റനുബന്ധ ഫയലുകളും പരിശോധിച്ചതിൽ നിന്നും, ചുവടെ ചേർക്കുന്ന കുത്തകക്കാരൻ 2017-18 വർഷം വാടക തുക കുടിശ്ശിക വരുത്തിയിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്.

| കുത്തകക്കാരന്റെ പേരും വിലാസവും | കടമുറി നം. | കുടിശ്ശിക | പ്രതിമാസ വാടക തുക | ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| തങ്കപ്പൻ<br>ആലയ്ക്കൽ<br>മാഞ്ഞൂർ | ഫിഷ് മാർക്കറ്റ് റൂം നം. VI (III/ 520 F) | ഒക്ടോബർ 2017<br>നവംബർ 2017<br>ഡിസംബർ 2017<br>ജനുവരി 2018<br>ഫെബ്രുവരി 2018<br>മാർച്ച് 2018 | 2,100/- | 12,600/- |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ കുടിശ്ശിക തുക | | | | 12,600/- |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/ 19.01.2019), വിഷയം സംബന്ധിച്ച് കുത്തകക്കാരന് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയാണെന്ന മറുപടിയാണ് ലഭിച്ചത്. തുക ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 കരാർ ചമയ്ക്കാതെ കുത്തകാവകാശം അനുവദിച്ചു നൽകി

2017-18 വർഷത്തിൽ, ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികൾ, വെജിറ്റബിൾ മാർക്കറ്റ് സ്റ്റാളുകൾ, വെജിറ്റബിൾ മാർക്കറ്റിനു സമീപമുള്ള ഓപ്പൺ സ്റ്റാളുകൾ, കുറുപ്പന്തറ ഫിഷ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, ഉണക്കമീൻ സ്റ്റാളുകൾ, കെ.എസ്.ഇ.ബി യ്ക്ക് വാടകയടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന മുറി, തുടങ്ങി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികളും സ്റ്റാളുകളും, ചട്ടപ്രകാരമുള്ള കരാർ ചമയ്ക്കാതെയാണ് കുത്തകക്കാർക്ക് വാടകയ്ക്ക് വിട്ടുനല്കിയിട്ടുള്ളത്. കരാർ സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമായിരുന്നില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09 / 19.01.2019), കരാർ ചമക്കുന്നതിന് മുദ്രപ്പത്രങ്ങൾ ഓഫിസിൽ നല്കിയിരുന്നതാണെന്നും, ആയത് നിശ്ചിത തീയതിയ്ക്കകം ലഭിക്കുന്നില്ലായെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുണ്ടായ നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. വാടകയടിസ്ഥാനത്തിൽ മുറികൾ, സ്റ്റാളുകൾ തുടങ്ങിയവ വിട്ടുനൽകുമ്പോൾ, കുത്തകക്കാരുമായി കരാറിലേർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടത് പഞ്ചായത്തിന്റെ പ്രാഥമികമായ ചുമതലകളിൽപ്പെടുന്ന കാര്യമായിരിക്കെ, ഈ അപാകത കേരള പഞ്ചായത് രാജ് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ്. കുത്തകക്കാരുമായി ഏതെങ്കിലുമൊരവസരത്തിൽ വ്യവഹാരനടപടികൾ നേരിടേണ്ടി വന്നാൽ, അപാകത പഞ്ചായത്തിന് പ്രതികൂലമായി ഭവിക്കുമെന്നത് വസ്തുതയാണ്. ആയതിനാൽ തുടർ വർഷങ്ങളിൽ പ്രസ്തുത വിഷയത്തിൽ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേതുൾപ്പടെയുള്ള മേൽനോട്ടത്തിൽ, കുറ്റമറ്റ രീതിയിൽ വാടക/ലേലം നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

## 2-11 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ഇ.എം.ഡി, ടെൻഡർഫീസ് എന്നീ ഇനങ്ങളിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ / പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക്(ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | 49/18, വാതപ്പള്ളി വരകുകാല റോഡ് റീ ടാറിംഗ് | 2 | 1450 | 2900 |
| 2 | 56/18, മുള്ളങ്കുഴി അറക്കത്താഴെ കോലോത്തുകര റോഡ് റീടാറിംഗ് | 4 | 1800 | 7200 |
| 3 | 57/18, മാൻവെട്ടം തെരുവൻമൂല തീരദേശ റോഡ് ടാറിംഗ് | 3 | 1700 | 5100 |
| 4 | 58/18, കോലോത്തുകര കാരാമ പാണ്ഡൻകരി നടപ്പാത റോഡ് കോൺക്രീറ്റിംഗ് | 3 | 2050 | 6150 |
| 5 | 59/18, അപ്പൻകവല സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ റോഡ് മെയിന്റനൻസ് | 4 | 1700 | 6800 |
| 6 | 60/18, പാലക്കുഴപ്പിൽ മാഞ്ഞൂരാൻ റോഡ് ടാറിംഗ് | 4 | 1200 | 4800 |
| 7 | 70/18, ടോഗോർ ലൈബ്രറി നിത്യ സഹായ മാതാ റോഡ് റീടാറിംഗ് | 2 | 1300 | 2600 |
| 8 | 84/18 വാണിയംകാവ് സെന്റ് തോമസ് റോഡ് | 3 | 2400 | 7200 |

| | | | | |
|---|---|---|---|---|
| | ടാറിംഗ് | | | |
| 9 | 85/18വാണിയംകാവ് കാളവണ്ടിക്കവല പുതിയാപറമ്പ് റോഡ് റീ ടാറിംഗ് | 3 | 1700 | 5100 |
| 10 | 96/18കാഞ്ഞിരത്താനം കുരിശുപള്ളി ഓമല്ലൂർ റോഡ് ടാറിംഗ് | 5 | 2500 | 12500 |
| 11 | 115/18, വെള്ളാമറ്റം കാഞ്ഞിരംകുഴി റോഡ് ടാറിംഗ് | 2 | 1300 | 2600 |
| 12 | 116/18, തലമട വിനീത റോഡ് റീടാറിംഗ് | 2 | 1450 | 2900 |
| 13 | 124/18, പുളിന്തറ റെയിൽവേ സ്റ്റേഷൻ റോഡ്ടാറിംഗ്, സൈഡ് പ്രോട്ടക്ഷൻ | 3 | 1800 | 5400 |
| 14 | 126/18, ചക്കുളം എസ്.എൻ.വി തെന്നാട്ടുപടി റോഡ് റീടാറിംഗ് | 3 | 1450 | 4350 |
| 15 | 136/18, ഓട്ടപ്പള്ളി ചിറപ്പാടം റോഡ് ടാറിംഗ് | 4 | 2400 | 9600 |
| 16 | 141/18, സെന്റ് ആൽബർട്ട് ലിൻ സ്കൂൾ റോഡ് ടാറിംഗ് | 3 | 1550 | 4650 |
| 17 | 143/18, ഇണ്ടിക്കുഴി മേച്ചേരിക്കുന്ന് റോഡ് ടാറിംഗ് | 3 | 1300 | 3900 |
| 18 | 156/18, പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാൾ നിർമ്മാണം | 2 | 2400 | 4800 |
| | ആകെ | | | 98550 |

ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗവും പരിപാലനവും- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെയും, പഞ്ചായത്തിൽ ഉപയോഗിക്കുന്ന ജനറേറ്ററിന്റെയും ലോഗ്ബുക്ക് പരിശോധിച്ചപ്പോൾ ഇന്ധനം നിറക്കുന്നതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ ദൈനദിന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനത്തിൽ ഇന്ധന ഉപയോഗം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്തത് ഗുരുതരമായ കൃത്യവിലോപമാണ്. പഞ്ചായത്ത് വാഹനത്തിലും ജനറേറ്റിലും നിറയ്ക്കുന്ന ഇന്ധനത്തിന്റെ അളവും അവയുടെ ഉപയോഗം സംബന്ധിച്ച കണക്കുകളും ലോഗ്ബുക്കിൽ നിശ്ചിത സ്ഥലത്ത് എഴുതുകയും വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വാഹനത്തിന്റെ ഇന്ധനക്ഷമത, ഓരോ തവണയും നിറക്കുന്ന ഇന്ധനത്തിന്റെ അളവ്, ഇന്ധനം നിറച്ചതിന്റെ ബില്ലുകൾ എന്നിവയെല്ലാം ലോഗ്ബുക്കിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ജി.ഒ(എം.എസ്)170/07 ത.സ്വ.ഭ.വ. 30.06.2007 പ്രകാരം വാഹനത്തിന്റെ ശരിയായ ഉപയോഗം സംരക്ഷണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്. ലോഗ് ബുക്ക്, ഡീസൽ, ഗ്യാസ്, ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം സംബന്ധിച്ച ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരം രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല. സർക്കുലർ നം.41/2008 ധന.02/08/2008 പ്രകാരം യാത്ര തുടങ്ങുന്നതിന് മുമ്പ് ലോഗ്ബുക്കിൽ യാത്രയെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ച ഉടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2017-18 വർഷം പല യാത്രകളിലും യാത്രയെ സാധൂകരിക്കുന്നതിന് ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. കൂടാതെ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണെന്നും അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് മേൽ സർക്കുലർ നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും പാലിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-2 ഒരേ സ്വഭാവമുള്ള പ്രോജക്ടുകൾ വ്യത്യസ്ത പ്രോജക്ടുകളായി നടപ്പിലാക്കിയിരിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി തൻ വർഷം സ്പിൽ ഓവറായി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഡി പി സി അംഗീകാരം ലഭിച്ച അഞ്ച് പ്രോജക്ടുകളായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനായി ആകെ 1833075/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 400000/- രൂപയിൽ താഴെയുള്ള പ്രോജക്ടുകളായിട്ടാണ് ഇവ നടപ്പിലാക്കിയിട്ടുള്ളത്. ഇ ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായിട്ടാണ് ഇപ്രകാരം പ്രോജക്ടുകൾ വിഭജിച്ചതെന്ന് വ്യക്തം. എന്നാൽ ഇ-ടെണ്ടർ നടപടികളിലൂടെയാണ് പ്രോജക്ടുകൾ നടപ്പിലാക്കിയതെങ്കിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും കൈവരിക്കാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 പാടശേഖരസമിതിക്ക് പെട്ടി പറ വാങ്ങി നൽകൽ– സ്ഥാപിച്ചതിന്റേയും കരാറിലേർപ്പെട്ടതിന്റേയും രേഖകളില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 259/18 |
| പേര് | കണിയാവേലി-ഉരാളവേലിപാടശ്ശേഖരത്തിന് പെട്ടിയുംപറയും |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 100000(വികസന ഫണ്ട്) |
| ബിൽ നം. | 263/17-18/22.02.18 |

പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ മന്നാശ്ശേരിൽ ഫൗണ്ടറി എന്ന സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് (ട്രാൻസ്‌പോട്ടഷൻ, ഇൻസ്റ്റലേഷൻ എന്നവയുൾപ്പെടെ). എന്നാൽ പ്രസ്തുത സ്ഥാപനം പെട്ടിപറ

സ്ഥാപിച്ചതിന്റെയോ, പാടശേഖരസമിതി ആയത് കൈപ്പറ്റിയതിന്റെയോ രേഖകൾ ഫയലിലില്ല. യന്ത്രങ്ങളുടെ പരിപാലനം, നടത്തിപ്പ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് പാടശേഖരസമിതികളുമായി കരാറിലേർപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ പെട്ടിപറ പാടശേഖരസമിതിയ്ക്ക് കൈമാറിയതിന്റെയും പാടശേഖര സമിതിയുമായി കരാറിലേർപ്പെട്ടതിന്റെയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. യന്ത്രങ്ങളുടെ പരിപാലനം സംബന്ധിച്ച് തുടർ മോണിട്ടറിംഗ് ഉണ്ടാവേണ്ടതുമാണ്.

## 3-4 ഫയൽ ഹാജരാക്കിയില്ല- 1667460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ 2017-18 വർഷം നെൽ കർഷകർക്ക് കൂലി ചെലവ് സബ്സിഡി എന്ന പ്രോജക്ടിനായി (നം.64/18) 1667460 രൂപ (വികസനഫണ്ട്-1160000, ബ്ലോക്ക് വിഹിതം-507460) 371, 372/17-18/27.03.18 എന്നീ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിന്റെ ഫയലും അനുബന്ധ രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ (നം.04/21.01.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 1667460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ അടിയന്തിരമായി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-5 പി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | എസ്.ഒ 46/2018 |
| പ്രോജക്ട് | പി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 150000 |
| ചെലവ് | 150000 |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി 150000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| ഇൻവോയ്സ് നം -പി.ആർ.എഫ്-1660/19.12.17 | 75000 |
| ഇൻവോയ്സ് നം -പി.ആർ.എഫ്-1820/25.10.17 | 44554 |
| ഇൻവോയ്സ് നം -പി.ആർ.എഫ്-5058/17.03.18 | 30446 |
| ആകെ | 150000 |

എന്നാൽ നാളിതുവരെയും മരുന്നുകളൊന്നും ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 150000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുമ്പോൾ ആയവ സ്റ്റോക്കിലെടുത്ത് വിശദാംശം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-6 വയോജന മെഡിക്കൽ ക്യാമ്പ് -അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം | എസ്.ഒ.129/18 |
| പ്രോജക്ട് | വയോജന മെഡിക്കൽ ക്യാമ്പ് |
| അടങ്കൽ | 50000 |
| ചെലവ് | 50000 |

വയോജന രോഗ നിർണ്ണയ ക്യാമ്പും മരുന്നു വിതരണവും എന്നതായിരുന്നു പ്രോജക്ട്

ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി കിസ്കോ ഡയഗ്നോസ്റ്റിക് സെന്റർ പാല എന്ന സ്ഥാപനം രക്ത സാമ്പിളുകൾ എടുക്കുകയും പരിശോധന നടത്തുകയുംചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 20000/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്, അവ എപ്രകാരമാണ് വിതരണം നടത്തിയത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ വ്യക്തമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ വയോജന മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതിയുമായി ബന്ധപ്പെട്ട മരുന്ന വിതരണം സംബന്ധിച്ച വിശദാംശങ്ങൾ അടിന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ മരുന്ന വാങ്ങുന്നതിനായി ചെലവഴിച്ച 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ആർദ്രം പദ്ധതി -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | എസ്.ഒ 251/18 |
| പ്രോജക്റ്റ് | ആർദ്രം പദ്ധതി |
| അടങ്കൽ | 550000 |
| ചെലവ് | 550000 |

കുറുപ്പന്തറ പി.എച്ച്.സി യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല എൻ.ആർ.എച്ച്.എം മുഖേന നിർമ്മിതി കേന്ദ്രത്തിനാണ്. ഇതിന്റെ ഭാഗമായി 2017-18 വർഷം ബിൽ നം.9/17-18 പ്രകാരം 400000/-രൂപയും ബിൽ നം 10-/17-18 പ്രകാരം 104000/-രൂപയും നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിന് എൻ.ആർ.എച്ച്.എം ന്റെ ഐ.സി.ഐ.സി.ഐ ബാങ്കിന്റെ കോട്ടയം ശാഖയിലുള്ള ആരോഗ്യ കേരളം എന്ന പേരിലുള്ള 626701034909 എന്ന അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിന് കുറുപ്പന്തറ മെഡിക്കൽ ഓഫീസറുടെ 267/17 /19.02.17 നം ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുക മേൽ അക്കൗണ്ടിലേക്ക് മാറ്റിയതിന്റെയോ, തുക നിർമ്മിതി കേന്ദ്രത്തിന് ലഭിച്ചതായോ ഉള്ള യാതൊരു രേഖകളും ലഭ്യമല്ല. കൂടാതെ 46000/-രൂപ തനതു ഫണ്ടിൽ നിന്നും ടി പദ്ധതിക്കായി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുകയും നിർമ്മിതി കേന്ദ്രത്തിന് കൈമാറിയതായി കാണുന്നില്ല. പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 550000/- രൂപയുടെ വിശദാംശങ്ങൾ അടിന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക്(നം.7) മറുപടി ലഭ്യമാക്കിയെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്ടിനായുള്ള 550000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ പദ്ധതി - പദ്ധതിപ്പണം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

പ്രോജക്ട് നമ്പർ - 8/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി ചെലവ് - 400000/-

ആശ്രയ പദ്ധതിക്കായി ഓഡിറ്റ് വർഷം 400000/-രൂപ കുടുംബശ്രീയുടെ ആശ്രയ പദ്ധതിക്ക് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിലേക്ക് 1.7.2017 ൽ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം. 4056210100877/ കേരള ഗ്രാമീൺ ബാങ്ക്, കുറുപ്പന്തറ ശാഖ) എന്നാൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 31.3.2018 ൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ ആകെ 828146/- രൂപ പ്രസ്തുത അക്കൗണ്ടിൽ ബാക്കി നിൽപ്പുണ്ട്.

സർക്കാർ പണം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ആശ്രയ പദ്ധതി ഫലപ്രദമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 3-9 വിനിയോഗവിവരമില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | ബിൽ നം./ തീയതി) |
|---|---|---|---|
| കെ.എസ്.ഇ.ബി | 1,5,6,16 എന്നീ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (03/18) | 142500/- | 39/17-18/ 12.01.18 |
| | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (04/18) | 575000/- | 36/17-18/ 12.01.18 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (അധിക വിഹിതം) (278/18) | 84133/- | 38/17-18/ 12.01.18 |

| | | | |
|---|---|---|---|
| | | | 58/17-18/ 28.03.18 |
| | ഐരാറ്റകള്ളി പുനമ്പുചാൽ പാടശേഖരത്തിലെ പമ്പ് ഹൗസിലേയ്ക്ക് 3 ഫേയ്സ് ലൈൻ വലിയ്ക്കൽ (285/18) | 95532/- | 45/17-18/ 23.01.18 |
| ഭൂജല വകുപ്പ് | 140 നം. അംഗനവാടിക്ക് കുഴൽ കിണറും മോട്ടോർ പമ്പ് സെറ്റും (234/18) | 125000/- | 41/17-18/ 12.01.18 |
| | ആകെ | 1022165/- | |

പ്രവൃത്തികൾ പൂർത്തിയാക്കുവാൻ ആവശ്യമായ ഇടപെടൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 1022165രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10,07,460/- രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | നെൽ കർഷകർക്ക് കൂലി (64/17-18) | 507460/- | 26.03.2018 | 507460/- | ഇല്ല |
| | പാലിന് സബ്സിഡി (ജനറൽ) – 241/17-18 | 200000/- | 31.10.2017 | 200000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | പാലിന് സബ്സിഡി (വനിത) – 242/17-18 | 300000/- | 31.10.2017 | 300000/- | ഇല്ല |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1007460/- | - | 1007460/- | ഇല്ല |
| ആകെ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചത് | | 1007460/- | - | 1007460/- | ഇല്ല |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി (ബിൽ നം. / തീയതി) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 1,5,6,16 എന്നീ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (03/18) | 142500/- | 39/17-18 (12.01.18) | ഇല്ല | 142500/- |
| | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (04/18) | 575000/- | 36/17-18 (12.01.18) | ഇല്ല | 575000/- |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (അധിക വിഹിതം) (278/18) | 84133/- | 38/17-18(12.01.18) 58/17-18(28.03.18) | ഇല്ല | 84133/- |

| | | | | | |
|---|---|---|---|---|---|
| | പമ്പ് ഹൗസിലേയ്ക്ക് 3 ഫേയ്സ് ലൈൻ വലിയ്ക്കൽ (285/18) | 95532/- | 45/17-18 (23.01.18) | ഇല്ല | 95532/- |
| ഭൂജല വകുപ്പ് | 140 നം. അംഗനവാടിക്ക് കുഴൽ കിണറും മോട്ടോർ പമ്പ് സെറ്റും (234/18) | 125000/- | 41/17-18 (12.01.18) | ഇല്ല | 125000/- |
| | ആകെ | 1022165/- | | ഇല്ല | 1022165/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 10960000- | 100000 | 1340000 | - | 9720000 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തിരിച്ചടക്കാനവശേഷിക്കുന്ന പലിശയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

31.03.2018 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വർഷത്തിലെ ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2014-15 | 2-12 | 200/- | ഡോൺ പോൾ | 2769/ 9/8/2017 |
| 2014-15 | 2-12 | 100/- | വത്സമ്മ പോൾ | 2770/ 9/8/2017 |
| 2014-15 | 2-12 | 200/- | മാണി.ജെ | 2771/ 9/8/2017 |

| | | | | |
|---|---|---|---|---|
| 2014-15 | 2-11 | 200/- | വത്സമ്മ പോൾ | 2772/ 9/8/2017 |
| 2016-17 | 4 | 200/- | വത്സമ്മ പോൾ | 2773/ 9/8/2017 |
| 2016-17 | 4 | 100/- | മാണി.ജെ | 2774/ 9/8/2017 |
| 2003-04 | 2-4 | 240/- | വി.ടി. തോമസ് | 3781/ 11/10/2017 |
| 2003-04 | 2-11 | 800/- | സെക്രട്ടറി, നീതി സൂപ്പർ മാർക്കറ്റ് | 3834/ 13/10/2017 |
| 2011-12 | | 840/- | ഡി.എം. ജോർജ്ജ് ജോൺ | 4328/ 15/11/2017 |
| 2011-12 | | 1250/- | മാനേജർ, ട്രേഡേഴ്സ്, കുറുപ്പന്തറ | 4399/ 17/11/2017 |
| 2011-12 | | 2500/- | മാനേജർ, ട്രേഡേഴ്സ്, കുറുപ്പന്തറ | 4400/ 17/11/2017 |
| 2003-04 | 2-4 | 319/- | വി.പി. മാത്യു | 5111/ 21/12/2017 |
| 2001-02 | 3-1 | 146/- | ശശിധരൻ പിള്ള | 5112/ |

| | | | | |
|---|---|---|---|---|
| | | | | 21/12/2017 |
| 2003-04 | 2-3 | 180/- | തോമസ് ജോസഫ് | 5128/ 22/10/2017 |
| 2003-04 | 2-3 | 120/- | മാത്യൂ സിറിയക് | 5129/ 22/12/2017 |
| 2003-04 | 2-3 | 450/- | സി.ഐ. സുകുമാരൻ | 5130/ 22/12/2017 |
| | | 2500/- | മാനേജർ, ധന്യ വുഡ് ഇൻഡസ്ട്രീസ് | 5139/ 22/12/2017 |
| | | 3973/- | സെക്രട്ടറി, മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | 5389/ 5/01/2018 |
| 2010-11 | | 1500/- | ജോയ് ജോസഫ് | 8592/ 28/03/2018 |
| 2010-11 | | 4500/- | ജോയ് ജോസഫ് | 8594/ 28/03/2018 |
| 2010-11 | | 4000/- | ജോയ് ജോസഫ് | 8724/ 29/03/2018 |
| ലഭ്യമല്ല | ഡി.ഡി.പി | 3542/- | പി.വി. തോമസ് കുട്ടി | 400001/ 19/04/2017 |
| ലഭ്യമല്ല | ലഭ്യമല്ല | 800/- | മാനേജർ, മാഞ്ഞൂർ കോപ്പറേറ്റിവ് ബാങ്ക് | 1855/ 16/06/2017 |

| | | | | |
|---|---|---|---|---|
| 2001-02 | 2-4 | 550/- | എസ്. മുരളീധരൻ | 3800/ 12/10/2017 |
| 2010-11 | ലഭ്യമല്ല | 1500/- | ജോയ് ജോസഫ് | 8593/ 28/03/2018 |
| ആകെ | | 30710/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | - | 2013-14 | 5-3 | വികേന്ദ്രീകൃതാ സൂത്രണവും വ്യവസായ തൊഴിൽ സംരംഭവും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 86,007,830 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78,331,521 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3409625 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1667460 | ശ്രീ. സലിൽ പി.ആർ, കൃഷി ആഫീസർ |
| 3-5 | 150000 | ഡോ. ടെജി മാത്യൂ ജോസ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 3-6 | 20000 | ഡോ. ടെജി മാത്യൂ ജോസ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 3-7 | 550000 | ഡോ. ടെജി മാത്യൂ ജോസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-9 | 1022165 | ശ്രീ. ബി. സാബു. സെക്രട്ടറി |
| ആകെ | 3409625 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(1)/18 08.01.18 |
| 1998-99 | എൽ.എഫ്.കെ.പി5/939/ 06, 19.01.07/3.3.07 |
| 2000-01, 2001-02 പ്ലാൻ | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(2)/18, 08.01.18 |
| 2003-04 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(5)/18 08.01.18 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി5/907/ 04 9.3.04/8.8.05 |
| 2006-07 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(7)/18 01.01.18 |
| 2008-09 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(9)/18 08.01.18 |
| 2009-10, | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(10)/18 |

| | |
|---|---|
| 2010-11 | 09.01.18 |
| 2011-12 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(11)/18 08.01.18 |
| 2012-13 | എൽ.എഫ്.കെ.പി4/14/15 22.02.17 |
| 2013-14,2014-15 | കെ.എസ്.എ കെടിഎംപി4 602/16 5.9.16 |
| 2015-16 | കെ.എസ്.എ കെടിഎം പി4 1042/17 15.11.17 |
| 2016-17 | കെ.എസ്.എ കെടിഎം പി4-165/18 09.03.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോട്ടയം

## **അനുബന്ധം-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി 4-77/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 15.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം